(ബി) പോലീസ് സ്റ്റേഷന്റെ പണി എട്ടാം ധനകാര്യകമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ചെയ്യേണ്ട പണികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോർട്ടേഴ്സ് പണിക്കുള്ള തുക 1986-87 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക് പണിയാരംഭിക്കുന്നതാണ്.

എസ്. ഐ. മാരുടെ നിയമനം

1105. [1653] ശ്രീ. വി. എസ്. ചന്ദ്രശേഖർപിള്ള :

,, കെ. പി. അരവിന്ദാക്ഷൻ :

,, എസ്. ഗോവിന്ദക്കുറുപ്പ് :

,, സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. ഐ. മാരുടെ തസ്തികകളിലേക്ക് നിയമിക്കുന്നതിന് പി. എസ്. സി. അപേക്ഷ ക്ഷണിച്ച 1982-ൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് ;

(ബി) സംസ്ഥാനത്ത് ഇപ്പോഴെത്ര എസ്. ഐ. മാരുടെ ഒഴിവുകളുണ്ട് ;

(സി) ഇതിൽ എത്രപേരെയാണ് ഹെഡ്-കോൺസ്റ്റബിൾ തസ്തികയിൽനിന്നും പ്രമോഷൻവഴി എസ്. ഐ. മാരായി നിയമിക്കുന്നത് ; എത്ര പേരെയാണ് നേരിട്ട് നിയമിക്കുന്നത് ?

ഉത്തരം

(എ) 16

(ബി) 48

(സി) ഹെഡ് കോൺസ്റ്റബിൾ തസ്തികയിൽനിന്നും നേരിട്ട് എസ്. ഐ. മാരായി നിയമനം നടത്താറില്ല. മെറിറ്റിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഹെഡ് കോൺസ്റ്റബിൾമാരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും എ. എസ്. ഐ. മാരായിട്ടാണ് പ്രമോഷൻ നൽകുക. മുകളിൽ പറഞ്ഞിരിക്കുന്ന 48 ഒഴിവുകളിൽ 16 പേരെ പി. എസ്. സി. യുടെ അഡ്വൈസ് പ്രകാരവും 7 പേരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയും നേരിട്ട് നിയമിക്കുവാൻ ഉദ്ദേശിക്കുന്നു.

കോൺസ്റ്റബിൾമാർക്ക് ഹയർഗ്രേഡ്

1106. [1654] ശ്രീ. ടി. കെ. ഹംസ :

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

,, പി. സി. തോമസ് (കടുത്തുരുത്തി) :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ലെ ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ജീവനക്കാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള സർവീസ് 13 വർഷത്തിൽനിന്നും 10 വർഷമായി കുറച്ചുകൊണ്ടുള്ള നടപടി പോലീസ് ഡിപ്പാർട്ട്മെന്റിലെ കോൺസ്റ്റബിൾമാർക്ക് ബാധകമാക്കിയിട്ടില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രമോഷൻ ടെസ്റ്റ് പാസ്സായാലെ പോലീസുകാർക്ക് ഹയർഗ്രേഡ് അനുവദിക്കൂ എന്ന തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ ;

(സി) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ പ്രമോഷൻ ടെസ്റ്റ് പാസ്സായാലെ ഹയർഗ്രേഡ് അനുവദിക്കാവൂ എന്ന നിർദ്ദേശം ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട യോഗ്യതയുള്ള കോൺസ്റ്റബിൾമാർക്ക് 1985-ലെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ ശുപാർശ പ്രകാരമുള്ള ഹയർഗ്രേഡുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ പ്രമോഷൻ പോസ്റ്റിന്റെ സ്കെയിൽ ഹയർഗ്രേഡിന് ലഭിക്കണമെങ്കിൽ പ്രമോഷൻ ടെസ്റ്റ് പാസ്സായിരിക്കണം.

(സി) ഇല്ല. പക്ഷേ പ്രമോഷൻ പോസ്റ്റിനുള്ള നിർദ്ദിഷ്ട യോഗ്യതയുള്ളവർക്കേ പ്രമോഷൻ പോസ്റ്റിന്റെ സ്കെയിൽ ഹയർഗ്രേഡായി നൽകാവൂ എന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട യോഗ്യതയുള്ളവർ ഇല്ലാത്തവർക്ക് അവർ ഇപ്പോൾ വഹിക്കുന്ന തസ്തികയുടെ തൊട്ടു മുകളിലുള്ള ശമ്പളസ്കെയിലാണ് ഹയർഗ്രേഡായി നൽകുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കോൺസ്റ്റബിൾമാരും ഹെഡ് കോൺസ്റ്റബിൾമാരും തമ്മിലുള്ള റേഷ്യോ

1107. [1655] ശ്രീ. ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാന പോലീസ് വകുപ്പിൽ കോൺസ്റ്റബിൾമാരും ഹെഡ് കോൺസ്റ്റബിൾമാരും തമ്മിലുള്ള റേഷ്യോ എന്താണ് ;

(ബി) ഇപ്പോൾ പോലീസ് ഡിപ്പാർട്ട്മെന്റിലുള്ള പോലീസുകാർ എത്ര ? ഹെഡ് കോൺസ്റ്റബിൾമാർ എത്ര ?

ഉത്തരം

(എ) സംസ്ഥാന പോലീസ് വകുപ്പിൽ കോൺസ്റ്റബിൾമാരും ഹെഡ് കോൺസ്റ്റബിൾമാരും തമ്മിൽ പ്രത്യേകം അനുപാതം നിശ്ചയിച്ചിട്ടില്ല.

(ബി) ഇപ്പോൾ പോലീസ് വകുപ്പിൽ മൊത്തം 5986 ഹെഡ് കോൺസ്റ്റബിൾമാരും, 23714 പോലീസ് കോൺസ്റ്റബിൾമാരും ഉണ്ട്.

സായുധപോലീസ് അംഗങ്ങൾക്ക് ലോക്കൽ പോലീസായി സേവനം അനുഷ്ഠിക്കാനുള്ള അവസരം

1108. [1656] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എസ്. എ. പി., എം. എസ്. പി., കെ. എ. പി. സെക്കൻറ് ബറാലിയൻ എന്നീ സായുധ പോലീസ് സേനകളിൽ ഏഴു വർഷക്കാലത്തെ സേവനം അനുഷ്ഠിച്ചു കഴിഞ്ഞാൽ ജില്ലാതല സായുധസേനയിൽ

LIBRARY ARCHIVES Kerala Legislative Assembly